# പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1849. 07/12/2015 ന് മറുപടിയ്ക്ക്

**സെക്രട്ടേറിയറ്റിലെ ഗാർഡ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി. കെ. കെ. ലതിക** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** | |
| എ) | സെക്രട്ടേറിയറ്റിലെ ഗാർഡ് തസ്തികയിൽ താൽക്കാലിക നിയമനം ലഭിച്ച് സ്ഥിരപ്പെട്ടവർ എത്രയുണ്ടെന്നും അവരെ ഏത് ഉത്തരവ് വഴിയാണ് സ്ഥിരപ്പെട്ടുത്തിയതെന്നും വ്യക്തമാക്കുമോ; | എ) | 08/04/2005 തീയതിയിലെ സ.ഉ (എം.എസ്) 114/2005/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 27 സെക്യൂരിറ്റി ഗാർഡുമാരെ സെക്രട്ടേറിയറ്റിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. |
| ബി) | മേൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് പ്രസ്തുത തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നോ എന്നും റാങ്ക് ലിസ്റ്റ് നിലവിലിരിക്കേ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ; | ബി) | പൊതുഭരണ സെക്രട്ടേറിയറ്റിൽ അനേക വർഷമായി സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചു കൊണ്ടിരുന്ന 27 സെക്യൂരിറ്റി ഗാർഡുമാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ച് സർക്കാരിന് നിരന്തരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. ആയതിന്റെ നടപടികൾ പൂർത്തീകരിച്ച് ഉത്തരവായ പ്പോഴേയ്ക്കും പി.എസ്.സി സെക്യൂരിറ്റി ഗാർഡ് റാങ്ക് ലിസ്റ്റ് നിലവിൽ വരുകയും ചെയ്തു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്ത ഒഴിവുകളിൽ 27 എണ്ണം തിരികെ വിളിപ്പിച്ച് ആയതിലേയ്ക്ക് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണുണ്ടായത്. അവരിൽ 6 പേരൊഴികെ മറ്റെല്ലാവരും സർവ്വീസിൽ നിന്നു റിട്ടയർ ചെയ്തു കഴിഞ്ഞു. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കാലങ്ങളായി സ്വീകരിച്ചുവരുന്ന നടപടി പൂർത്തീകരിക്കുന്നത് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ഏതാനും ദിനങ്ങൾക്ക് ശേഷമാണ് |
| സി) | പ്രസ്തുത ജീവനക്കാരും പി.എസ്.സി വഴി നിയമിതരായവരും നിയമനം, പ്രമോഷൻ എന്നിവ സംബന്ധിച്ച് കേസുകൾ ഫയൽ ചെയ്യുകയുണ്ടായോ എന്നും കോടതിയുടെ അന്തിമ വിധി എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | സി) | ഉണ്ട്. ബഹു. കോടതിയുടെ അന്തിമ വിധിപ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റ് മുഖേന നിയമിതരായവർക്ക് സീനിയോറിറ്റി നിശ്ചയിച്ച് ലിസ്റ്റ് പ്രസിദ്ധീകരിക്കാനാണ് ഉത്തരവായത് |

→

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത വിധി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) | ഉണ്ട്. പ്രസ്തുത കോടതി വിധി അനുസരിച്ച് പ്രസ്തുത കേസിലെ വാദികളായ, കേരള പി.എസ്.സി മുഖേന നിയമിതരായവർക്ക് ശേഷം മാത്രമേ സ്ഥിരിപ്പെടുത്തിയ സെക്യൂരിറ്റി ജീവനക്കാർക്ക് നിയമനം നൽകുകയുള്ളൂഎന്ന് പ്രസ്താവിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ